**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 115** **10-10-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. എം. വിൻസെന്റ്, ശ്രീമതി കെ. കെ. രമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് സാമൂഹിക, പാരിസ്ഥിതിക ആഘാതപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുപ്പ് നടപടികളാണ് എല്ലാ ജില്ലകളിലും പുരോഗമിക്കുന്നത്. ലാൻഡ് അക്വിസിഷൻ നടപടികളുടെ ഭാഗമായി 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്ന ഇടങ്ങളിൽ റവന്യൂ വകുപ്പ് മുഖേന സാമൂഹിക ആഘാത പഠനം നടത്തുന്നുണ്ട്. കൂടാതെ CRZ ക്ലിയറൻസ് ലഭിക്കുന്നതിന്റെ ഭാഗമായി പാരിസ്ഥിതിക ആഘാത പഠനവും നടത്തുന്നുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ 73.99 കി.മീ, ആലപ്പുഴ 22.10 കി.മീ, എറണാകുളം 48 കി.മീ, തൃശ്ശൂർ 61.06 കി.മീ, മലപ്പുറം 8.85 കി.മീ, കോഴിക്കോട് 11.35 കി.മീ, കണ്ണൂർ 45.61 കി.മീ ഭാഗത്ത് സാമൂഹിക ആഘാത പഠനം റവന്യൂ വകുപ്പ് മുഖാന്തരം നടത്തിയിട്ടുണ്ട്. മറ്റിടങ്ങളിൽ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് സാമൂഹികാഘാത പഠനങ്ങൾ നടത്തും. ആവശ്യമായ പഠനങ്ങൾ നടത്തിയാണ് ബന്ധപ്പെട്ട ഏജൻസികൾ ഡി.പി.ആർ തയ്യാറാക്കുന്നത്.<br><br>തീരദേശ ഹൈവേയുടെ ഭാഗമായി മലപ്പുറം ജില്ലയിലെ ചെ. 0+00 മുതൽ ചെ. 4 + 800 വരെയുള്ള 4.8 കി.മീ. ആർ.ബി.ഡി.സി.കെ. യാണ് നിർമ്മിക്കുന്നത്. ഈ ഭാഗത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിന്റെ ഭാഗമായി പാരിസ്ഥിതിക ആഘാതപഠനം നടത്തിയിട്ടുണ്ട്, കൂടാതെ ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി സാമൂഹിക ആഘാത പഠനവും നടത്തിയിട്ടുണ്ട്. |
| (ബി) | തീരദേശ ഹൈവേ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് തയ്യാറാക്കിയത്; വിശദാംശം നൽകുമോ; ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | എറണാകുളം, തൃശ്ശൂർ ജില്ലകളിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ ഡി.പി.ആർ ASSYSTEM India Limited എന്ന കൺസൽട്ടന്റ് മുഖേനയും മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലൂടെ കടന്നുപോകുന്ന തീരദേശ |

| | | | |
|---|---|---|---|
| | | | ഹൈവേയുടെ ഡി.പി.ആർ Ideck എന്ന കൺസൽട്ടന്റ് മുഖേനയും തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ ഡി.പി.ആർ NATPAC എന്ന കൺസൽട്ടന്റ് മുഖേന തയ്യാറാക്കിവരുന്നു. മലപ്പുറം ജില്ലയിലെ തീരദേശ ഹൈവേയുടെ ഡി.പി.ആർ M/s. L&t IEL എന്ന കമ്പനിയാണ് തയ്യാറാക്കിയത്. |
| (സി) | മത്സ്യത്തൊഴിലാളികളുടെ ആവാസവ്യവസ്ഥയെയും ജീവനോപാധികളെയും ദോഷകരമായി ബാധിക്കുന്ന രീതിയിൽ തീരദേശവാസികളെ കൂട്ടത്തോടെ കുടിയൊഴിപ്പിക്കേണ്ടി വരുന്ന ഈ പദ്ധതിയിൽ നിന്നും പിന്മാറാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | മത്സ്യതൊഴിലാളികളുടെയും മത്സ്യബന്ധന മേഖലയുടെയും പുരോഗതി കണക്കിലെടുത്താണ് തീരദേശഹൈവേ പദ്ധതി ആവിഷ്കരിച്ചത്. തീരദേശമേഖലയുടെ സമഗ്ര വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. മത്സ്യബന്ധന തുറമുഖങ്ങളിലേക്ക് ഉൾപ്പെടെ തീരമേഖലയിലേക്ക് മെച്ചപ്പെട്ട കണക്ടിവിറ്റി ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മത്സ്യതൊഴിലാളികളുടെ ആവാസ വ്യവസ്ഥയെയും. ജീവനോപാധികളെയും പദ്ധതി ബാധിക്കാത്ത രീതിയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഭൂമി നഷ്ടപ്പെടുന്നവർക്ക് LARR Act 2013 പ്രകാരം നഷ്ടപരിഹാരം നൽകുന്നതാണ്. ഇതിനു പുറമെ തീരദേശ ഹൈവേ പദ്ധതിക്കായി സ്ഥലം നഷ്ടപ്പെടുന്നവർക്ക് പ്രത്യേക പുനരധിവാസ പാക്കേജും 10.03.2023 തീയതിയിലെ GO(Ms) No. 50/2023/RD പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതോടൊപ്പം, സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ (KSCADC) പുനരധിവാസ പ്രവൃത്തികളുടെ എസ്.പി.വി ആയി നിയോഗിച്ചിട്ടുണ്ട്. തീരമേഖലയുടെ സവിശേഷതകൾ കണക്കിലെടുത്ത്, ജനങ്ങളുടെ ജീവനോപാധികളെ ബാധിക്കാത്ത തരത്തിൽ പദ്ധതി നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ